I ഇ.ബി. XIII – കേരള നിയമസഭ/II-20

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഒക്ടോബർ 27, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തരപ്രമേയം**

**സിനുവിന്റെ മരണം**

മി. സ്പീക്കർ: പോലീസ് കസ്റ്റഡിയിലെടുത്ത് വിട്ടയച്ച വിതുര തേവിയോട് സിമി ഭവനിൽ സിനു എന്ന യുവാവ് പിറ്റേന്ന് തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടതിനെത്തുടർന്ന് ജനങ്ങളിൽ ഉളവായിരിക്കുന്നതായി പറയപ്പെടുന്ന ആശങ്കയും ഭീതിജനകമായ അവസ്ഥയും സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ, വി.എസ്. സുനിൽകുമാർ, മാത്യു റ്റി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിതുര പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. ആർ. രാജേഷ്, എ.എസ്.ഐ. ശ്രീ. ജയകുമാർ, സി.പി.ഒ. ശ്രീ. വിനോദ് എന്നിവർ 25-10-2011-ന് പട്രോളിംഗ് ഡ്യൂട്ടി നടത്തിവരവേ രാത്രി 9 മണിക്ക് വിതുര തേവിയോട് കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിന് സമീപം പൊതുസ്ഥലത്ത് മദ്യപിച്ച് ബഹളംവച്ച വിജേഷ്, സിനു എന്നിവരെ കസ്റ്റഡിയിലെടുക്കുകയും വിതുര ഗവൺമെന്റ് ആശുപത്രിയിൽ മെഡിക്കൽ പരിശോധന നടത്തിയതിനുശേഷം പോലീസ് സ്റ്റേഷനിലെത്തിച്ച് മദ്യപിച്ച് പൊതുജന ശല്യമുണ്ടാക്കിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയും ജാമ്യക്കാരായി വന്ന സിനുവിന്റെ ബന്ധുവിനോടും സുഹൃത്തിനോടുമൊപ്പം സിനുവിനെ വിട്ടയയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. 26-ാം തീയതി വെളുപ്പിന് 1.45-ഓടുകൂടി സിനു സ്വന്തം വീട്ടിലെ മുറിക്കകത്ത് ഫാനിൽ കെട്ടിത്തൂങ്ങി മരണപ്പെട്ടതായി പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ചതിനെത്തുടർന്ന് പോലീസ് സ്ഥലത്തെത്തുകയും ആർ.ഡി.ഒ.കൂടി വന്നിട്ട് അനന്തര നടപടികൾ നടത്തിയാൽ മതിയെന്ന് നാട്ടുകാർ അറിയിച്ചതിനെത്തുടർന്ന് ജില്ലാ പോലീസ് സൂപ്രണ്ട്, നെടുമങ്ങാട് തഹസീൽദാർ, തിരുവനന്തപുരം ആർ.ഡി.ഒ. എന്നിവർ സ്ഥലത്തെത്തുകയും സിനുവിന്റെ ബന്ധുവായ ബാബുവിന്റെ മൊഴിപ്രകാരം അസ്വാഭാവിക മരണത്തിന് കേസ്സെടുക്കുകയും ചെയ്തു. നെടുമങ്ങാട് തഹസീൽദാർ ഇൻക്വസ്റ്റ് തയ്യാറാക്കിയതിനുശേഷം മൃതദേഹം തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിലെത്തിച്ച് പോസ്റ്റ്മോർട്ടം നടത്തുകയും കെട്ടിത്തൂങ്ങിയതിനാലാണ് മരണം സംഭവിച്ചതെന്ന് പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർ അഭിപ്രായപ്പെടുകയും

ചെയ്തിട്ടുണ്ട്. വിതുര എസ്.ഐ.യും എ.എസ്.ഐ.യും ചേർന്ന് ദേഹോപദ്രവം ഏൽപ്പിച്ചതിലുള്ള വിഷമംകൊണ്ടാണ് സിനു കെട്ടിത്തൂങ്ങി മരിച്ചതെന്ന് നാട്ടുകാരും ബന്ധുക്കളും ആരോപണം ഉന്നയിക്കുകയും പോലീസിനെതിരെ പ്രതിഷേധിക്കുകയും ചെയ്തു. നെടുമങ്ങാട് ഡിവൈ.എസ്.പി. സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിതുര പോലീസ് സബ് ഇൻസ്പെക്ടർ ആർ. രാജേഷ്, എ.എസ്.ഐ. ജയകുമാർ എന്നിവരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. സിനുവിന്റെ അസ്വാഭാവിക മരണം സംബന്ധിച്ച കേസ്സിന്റെ അന്വേഷണം തിരുവനന്തപുരം റൂറൽ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ റൂറൽ നർക്കോട്ടിക് സെൽ ഡിവൈ.എസ്.പി. നിർവ്വഹിക്കുന്നതാണ്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ സൂക്ഷ്മമായ പരിശോധന നടത്തിയതിനുശേഷം എന്ത് നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: വിതുര പോലീസിന്റെ ആക്രമണത്തിനും ക്രൂരമായ മർദ്ദനത്തിനും ഇരയായ സിനുവിന്റെ ആത്മഹത്യയ്ക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുകയും നിരാലംബരായ സിനുവിന്റെ കുടുംബത്തിന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കുകയും ചെയ്യണം. വിതുര കെ.എസ്.ആർ.ടി.സി. സ്റ്റേഷനടുത്ത് പെട്ടിക്കട നടത്തുന്ന ദളിത് വിഭാഗത്തിൽപ്പെട്ട സിനു കുടുംബത്തിന്റെ സകല ചുമതലയും വഹിച്ചിരുന്നയാളാണ്. വീടിനോടുചേർന്ന കടയുടെ മുമ്പിൽ നിന്നപ്പോഴാണ്

25-10-2011-ന് രാത്രി 9 മണിക്ക് പോലീസ് പിടിച്ചുകൊണ്ടുപോയി ക്രൂരമായി മർദ്ദിച്ചത്. മർദ്ദനമേറ്റ് അവശനായ സിനുവിനെ രാത്രി 11.30-ന് ബന്ധുക്കൾ ചെന്ന് ജാമ്യത്തിലിറക്കിയെങ്കിലും വെളുപ്പിന് 1.30-ന് ആത്മഹത്യ ചെയ്യുകയാണുണ്ടായത്. സിനുവിനെ മർദ്ദിച്ച മറ്റ് മൂന്ന് പോലീസ് ഉദ്യോഗസ്ഥരെയുംകൂടി സസ്പെന്റ് ചെയ്ത് കൊലക്കുറ്റത്തിന് കേസെടുക്കണം. ലോക്കപ്പ് മർദ്ദനം പാടില്ലെന്ന് കർശന നിർദ്ദേശം നൽകണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അറസ്റ്റുചെയ്യപ്പെട്ട രണ്ടുപേരും മദ്യ പിച്ചിരുന്നതായി ഡോക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ സംഭവത്തെക്കു റിച്ച് അറിഞ്ഞ ഉടൻതന്നെ അന്വേഷിക്കുന്നതിനാവശ്യമായ നിർദ്ദേശം കൊടുത്തു. ലോക്കപ്പിൽവച്ച് ആരേയും ദേഹോപദ്രവം ഏൽപ്പിക്കാൻ പാടില്ലായെന്നതാണ് ഗവണ്മെന്റിന്റെ നയം. മരണം സംഭവിച്ചത് ആത്മഹത്യ മൂലമാണെന്ന കാര്യത്തിൽ തർക്കമില്ല. ആത്മഹത്യയ്ക്ക് കാരണം പോലീസ് സ്റ്റേഷനിലുണ്ടായ മർദ്ദനമാണെന്ന ആക്ഷേപം ഉണ്ടായപ്പോൾത്തന്നെ ആക്ഷേപത്തിനിരയായവരുടെ പേരിൽ നടപടിയെടുത്തു. ഇവരെ കസ്റ്റഡിയി ലെടുത്ത് ആശുത്രിയിലെ പരിശോധന പൂർത്തിയാക്കി പോലീസ് സ്റ്റേഷനിലെ ത്തിച്ചപ്പോൾത്തന്നെ ജാമ്യത്തിലെടുക്കാൻ ആൾക്കാരെത്തുകയും ജാമ്യമെടു ത്തുപോകുകയും ചെയ്തു. പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കും. ഈ സംഭവത്തിൽ ഒരു വിട്ടുവീഴ്ചയും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്ന് ഉറപ്പ് നൽകുന്നു. മരിച്ചയാളുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്ന

കാര്യം ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷിനേതാക്കന്മാരായ സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, തോമസ് ചാണ്ടി എന്നീ അംഗങ്ങൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയതു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ പദ്ധതിക്ക് സ്ഥലം വിട്ടുകൊടുത്തവർക്ക് നഷ്ടപരിഹാരം**

ശ്രീ. എസ്. ശർമ്മ: വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടി സ്ഥലം വിട്ടുകൊടുത്തവർക്ക് മൂലമ്പിള്ളി പാക്കേജിലൂടെ ഭാഗികമായി പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞുവെങ്കിലും ശേഷിക്കുന്ന പ്രശ്നങ്ങളിൽ അടിയന്തരമായ ഇടപെടൽ ഉണ്ടാകണം. സ്ഥലവും വീടും വിട്ടുകൊടുത്ത കുടുംബങ്ങളിലെ ഓരോ അംഗത്തിനും തൊഴിൽ നൽകാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മുൻ ഗവൺമെന്റിന്റെ കാലത്ത് പോർട്ട് ട്രസ്റ്റ് അധികാരികൾ ഉറപ്പുനൽകിയിരുന്നെങ്കിലും നാളിതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. മുഖ്യമന്ത്രി വിളിച്ചുചേർത്ത കോൺഫറൻസിൽ പോർട്ട് ട്രസ്റ്റ് ഭാരവാഹികളുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ കേരള ഗവൺമെന്റിന്റെ നിലപാട് അറിയിക്കുന്നതിനും തീരുമാനം ഉണ്ടാക്കുന്നതിനും വേണ്ടി അവിടത്തെ എം.പി.യേയും റവന്യൂ വകുപ്പുമന്ത്രിയേയും ചുമതലപ്പെടുത്തിയിരുന്നു.

രാജ്യത്തിന്റെ വികസനത്തിനുവേണ്ടി എല്ലാം നഷ്ടപ്പെടുത്തുന്നവർക്ക് ഉചിതമായ നഷ്ടപരിഹാരം നൽകുന്നതോടൊപ്പം ജോലിയും ലഭ്യമാക്കണം. സർക്കാർ സ്ഥലം കൊടുത്തവർക്ക് അവരുടെ ഭൂമി 25 വർഷത്തിനുശേഷമേ കൈമാറ്റം ചെയ്യാൻ പാടുള്ളൂ എന്ന നിബന്ധന ബാങ്ക് വായ്പ ലഭിക്കുന്നതിന് ബുദ്ധിമുട്ടായിരിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ഊന്നുവല സ്ഥാപിച്ച് മൽസ്യബന്ധനം നടത്തിയിരുന്നവർക്ക് നഷ്ടപരിഹാരം നൽകണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് 297 കുടുംബങ്ങൾക്കാണ് വീടും സ്ഥലവും നഷ്ടപ്പെട്ടത്. മൂലമ്പിള്ളി പാക്കേജിന്റെ ഭാഗമായി ചിലരുടെ കാര്യത്തിൽ തീരുമാനമായിട്ടുണ്ട്. 50.3 ഹെക്ടർ സ്ഥലമാണ് ഇതിനുവേണ്ടി ഏറ്റെടുത്തത്. സ്ഥലവും വീടും നഷ്ടപ്പെട്ടവർക്ക് അർഹതയനുസരിച്ച് നാല് മുതൽ ആറ് സെന്റ് വരെ ഭൂമി വാസയോഗ്യമാക്കി നൽകുകയും വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് നാല് മാസത്തേക്ക് പ്രതിമാസം അയ്യായിരം രൂപ നിരക്കിൽ വീട്ടുവാടകയും പതിനായിരം രൂപ ഷിഫ്റ്റിംഗ് ചാർജും അനുവദിക്കുകയും ചതുപ്പുപ്രദേശം പുനരധിവാസത്തിന് യോഗ്യമാക്കുന്നതിന് ഓരോ കുടുംബത്തിനും അർഹതയനുസരിച്ച് 75,000/- രൂപ പൈലിംഗ് ചാർജ് നൽകുകയും ചെയ്തിട്ടുണ്ട്. 06-06-2011 -ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുനരധിവാസത്തിനായി കണ്ടെത്തിയ പത്ത് കേന്ദ്രങ്ങളിൽ വെള്ളം, വൈദ്യുതി, റോഡ്, ഡ്രെയിനേജ് സൗകര്യങ്ങൾ എന്നിവ ഒരു കോമൺ പോയിന്റിലെത്തിക്കുന്നതിന് സൗകര്യം ചെയ്തുകൊടുത്തു. തൊഴിൽ സ്ഥാപനം നഷ്ടപ്പെട്ട അർഹതപ്പെട്ടവർക്ക്

വ്യാപാരം നടത്തുന്നതിനാവശ്യമായ സഹായം നൽകി. നഷ്ടപരിഹാരത്തുക ആദായനികുതി പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ഈ പദ്ധതിയിൽ ഭൂമി നഷ്ടപ്പെട്ട കുടുംബങ്ങളിലെ അർഹതയുള്ള അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച് പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിന് ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയും പോർട്ട് ട്രസ്റ്റും നൽകേണ്ട തുക നൽകിയിട്ടില്ല. എന്നാൽ 27,42,500 രൂപ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ടി.എസ്.ബി. അക്കൗണ്ടിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് വഴി റെയിൽവേ അടച്ചി ട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഈ പ്രശ്ന ത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്. ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ് മുഖേനയുണ്ടാകുന്ന തൊഴിൽ, തൊഴിലുപകരണങ്ങൾ എന്നിവയുടെ നഷ്ടപരിഹാരമായി കൊച്ചിൻ പോർട്ട് നൽകേണ്ട 1,09,20,625 രൂപയുടെ പാക്കേജിന് 08-07-2010-ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭൂമിയും വീടും വിട്ടു കൊടുത്തവർക്ക് എത്രയുംവേഗം നഷ്ടപരിഹാരത്തുക നൽകുന്നതിനാവശ്യ മായ നടപടി സ്വീകരിക്കുന്നതാണ്. റോഡ്/റെയിൽ നിർമ്മാണത്തിന്റെ ഫലമായി നീരൊഴുക്കിൽ വന്ന വ്യതിയാനത്തെത്തുടർന്ന് സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതോടൊപ്പം മത്സ്യത്തൊഴിലാളികൾക്ക് പകരം ജോലി കൊടുക്കുന്നതിനുള്ള സാധ്യതകളെപ്പറ്റിയും പരിശോധിക്കു ന്നതുമാണ്.

## (2) കുടിവെള്ള പദ്ധതികൾ

ശ്രീ. വർക്കല കഹാർ : 150 കോടിയോളം രൂപ ചെലവഴിച്ച് 90 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ച സംസ്ഥാനത്തെ നാൽപ്പതോളം കുടിവെള്ള പദ്ധതികൾ അനിശ്ചിതത്വത്തിലായിരിക്കുകയാണ്. പത്തുവർഷംമുമ്പ് പൈപ്പിടുകയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തീകരിക്കുകയും ഓവർഹെഡ് ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം നാട്ടുകാർ സൗജന്യമായി നൽകുകയും ചെയ്ത ഈ പദ്ധതികൾക്ക് വാട്ടർ അതോറിറ്റി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ കൺവീനറുമായ സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റി 2011-ൽ അംഗീകാരം നൽകിയെങ്കിലും ഭരണാനുമതി നൽകുകയുണ്ടായില്ല. വിവിധ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുപകരം ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് കൈമാറിയതിലൂടെ പദ്ധതികൾ അനന്തമായി നീണ്ടുപോകാനും സാധനങ്ങളുടെ വില കൂടാനും കേന്ദ്രവിഹിതം ഫലപ്രാപ്തിയിലെത്താതെ പോകാനും ഇടയാക്കുമെന്നതിനാൽ ഈ കുടിവെള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ത്വരിത ഗ്രാമീണ പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികളിൽ പലതും സ്ഥലത്തിന്റെ ലഭ്യത, റോഡ്, റെയിൽവേ വകുപ്പുകളിൽനിന്ന് അനുമതി ലഭിക്കാനുള്ള കാലതാമസം, ഉയർന്ന ടെണ്ടർ നിരക്കുകൾ എന്നിവ കാരണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കാലതാമസംമൂലം പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കേണ്ടതായും

വരുന്നുണ്ട്. പണി നടന്നുകൊണ്ടിരിക്കുന്നതും അടങ്കൽ തുക തികയാതെ വന്നതുമായ 40 കവറേജ് പദ്ധതികൾക്കും മൂന്ന് പ്രവൃത്തികളുടെ പുതുക്കിയ ഭരണാനുമതിക്കും സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് സ്റ്റിയറിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികൾ ഭരണാനുമതിക്കായി ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും വിശദ പരിശോധന ആവശ്യമുള്ളവ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. എത്രയുംവേഗം ടെണ്ടർ വിളിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സബ്മിഷൻ**

**(1) അഞ്ചംഗ കുടുംബം ആത്മഹത്യ ചെയ്ത സംഭവം**

ശ്രീ. എം.എ. ബേബി : കുണ്ടറയിൽ അഞ്ചംഗ കുടുംബം ആത്മഹത്യ ചെയ്ത സംഭവത്തിൽ നിഷ്പക്ഷ അന്വേഷണം നടത്തി കാരണക്കാ രായവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കുണ്ടറ കച്ചേരിമുക്കിൽ അഞ്ചംഗ കുടുംബം ആത്മഹത്യ ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സാമ്പത്തിക ബുദ്ധിമുട്ട്, മാനസിക വിഭ്രാന്തി, ഭീഷണി തുടങ്ങിയ ഏതെങ്കിലും കാരണമാണോ ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചതെന്നത് പ്രത്യേകം പരിശോധിക്കുന്നതാണ്. ആത്മഹത്യാക്കുറിപ്പ് പരിശോധിച്ച് നീതിപൂർവ്വമായ അന്വേഷണം നടത്തു ന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (2) തീവ്രവാദ സംഘടനകളുടെ സാമ്പത്തിക സ്രോതസ്സ്

ശ്രീ. കെ. എം. ഷാജി : സംസ്ഥാനത്തെ ചില പ്രത്യേക പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തുന്ന എൻ.ഡി.എഫ്. പോലുള്ള തീവ്രവാദ സംഘടനകളുടെ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തി തടയുന്നതിന് അടിയന്തര നടപടി കൈക്കൊള്ളണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ ഗവൺമെന്റ് തീവ്രവാദ പ്രവർത്തനങ്ങൾ നടത്തുന്ന പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുകയില്ല. എൻ. ഡി.എഫ്.-ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ലഭിച്ച പരാതി പരിശോധിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

### (3) മഅ്ദനിക്കെതിരായി നടക്കുന്ന നീതിനിഷേധവും മനുഷ്യാവകാശ നിഷേധവും

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീമതി ജമീലാ പ്രകാശം, എം.എൽ. എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. കോവൂർ കുഞ്ഞുമോൻ : ബാംഗ്ലൂർ സെൻട്രൽ ജയിലിൽ കഴിയുന്ന അബ്ദുൾ നാസർ മഅ്ദനിക്ക് ഭരണഘടന അനുശാസിക്കുന്ന നീതിയും പൗരാവകാശവും മതിയായ ചികിത്സയും ലഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ബാംഗ്ലൂർ മജിസ്ട്രേറ്റ് കോടതി യിൽനിന്നുള്ള വാറന്റ് അനുസരിച്ചാണ് മഅ്ദനിയെ അറസ്റ്റുചെയ്ത് തടവിൽ പാർപ്പിച്ചിട്ടുള്ളത്. മറ്റൊരു സംസ്ഥാനത്തായതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ആവശ്യമായ ചികിത്സാ സൗകര്യവും മാനുഷിക പരിഗണനയും ലഭ്യമാക്കാൻ എന്തുചെയ്യാൻ കഴിയു മെന്നത് പരിശോധിക്കുന്നതാണ്.

### (4) ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

ശ്രീമതി കെ. എസ്. സലീഖ : വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയാൻ ഇരുപത്തി ഏഴേമുക്കാൽ സെന്റ് സ്ഥലം പി.ഡബ്ല്യൂ.ഡി. വിട്ടുകൊടുത്തിട്ടുള്ളതും 12 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തുക മതിയാകാത്ത സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റിനനുസൃതമായി ഫണ്ട് അനുവദിച്ച് പോലീസ് സ്റ്റേഷൻ കെട്ടിടം പണി ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ പണിയുന്നതിന് സ്ഥലം ലഭിച്ചിട്ടുണ്ട്. ലഭ്യമായ സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം കൂടുതൽ തുക ചെലവ് വരുമെന്നതിനാൽ ജില്ലാ പോലീസ് മേധാവി നൽകിയ 25 ലക്ഷം രൂപയുടെ പുതിയ പ്രോപ്പോസലിന് അംഗീകാരം കൊടുത്ത് എത്രയും വേഗം പണി ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

### (5) സ്മിത കൊല ചെയ്യപ്പെട്ട സംഭവം

ശ്രീ. സി. കെ. സദാശിവൻ : ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിൽ ഓലകെട്ടിയമ്പലത്ത് സ്മിത എന്ന യുവതിയെ നിരവധി സ്ത്രീപീഡനകേസുകളിൽ പ്രതിയായ കരുമാടി എന്നയാൾ അതിക്രൂരമായി ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയതുമൂലം അവരെ ആശ്രയിച്ച് കഴിഞ്ഞിരുന്ന മകളും മാതാപിതാക്കളും നിരാംലബരായിരിക്കുകയാണ്. സ്മിതയ്ക്ക് കായംകുളം താലൂക്ക് ആശുപത്രിയിൽ യഥാസമയം ചികിത്സ ലഭിക്കാത്തതിനെക്കുറിച്ചും മെഡിക്കൽ കോളേജിലെത്തിക്കാനുണ്ടായ കാലതാമസത്തെക്കുറിച്ചും അന്വേ

ഷിക്കണം. അനാഥമായ കുടുംബത്തിന്റെ സംരക്ഷണം ഏറ്റെടുക്കാനും കുട്ടിയുടെ വിദ്യാഭ്യാസച്ചെലവ് വഹിക്കാനും അടിയന്തര സഹായമായി 10 ലക്ഷം രൂപ അനുവദിക്കാനും ജീർണ്ണിച്ച വീട് പുനർനിർമ്മിക്കാനും നടപടി യുണ്ടാകണം. പ്രതിക്കെതിരെ നിയമനടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സ്മിതയുടെ കൊലയാളിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കും. കായംകുളം താലൂക്ക് ആശുപത്രിയിൽ ചികിത്സ ലഭിക്കാനുണ്ടായ കാലതാമസം, പോലീസുകാരുടെ ഭാഗത്തുനിന്നു ണ്ടായ അനാസ്ഥ എന്നിവയെക്കുറിച്ച് അന്വേഷിക്കാൻ കളക്ടറോട് ഇന്നു തന്നെ ആവശ്യപ്പെടുന്നതാണ്. വീഴ്ച വന്നിട്ടുണ്ടെങ്കിൽ അത് ഗൗര വമായിട്ടെടുക്കുന്നതും സ്മിതയുടെ മകൾക്ക് സംരക്ഷണം നൽകുന്നത് സംബന്ധിച്ച തീരുമാനം ഉടൻ കൈക്കൊള്ളുന്നതുമാണ്.

## (6) ട്രാവൻകൂർ ടൈറ്റാനിയം മലിനീകരണ നിയന്ത്രണ പദ്ധതി

ശ്രീ. ടി.എൻ. പ്രതാപൻ: ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിനു വേണ്ടി മലിനീകരണ നിയന്ത്രണ സാമഗ്രികൾ വാങ്ങിയതിൽ ക്രമക്കേട് നടന്നുവെന്ന ആരോപണം സംബന്ധിച്ച് ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് സി.ബി.ഐ. അന്വേഷണം ആവശ്യമില്ലെന്നും അവസാന മന്ത്രിസഭാ യോഗത്തിൽ വകുപ്പുതല അന്വേഷണം മതിയെന്ന് തീരുമാനിച്ച് ഉത്തരവിടുകയും ചെയ്തതായി വാർത്തകൾ വന്നിരിക്കുന്നതിന്റെ നിജസ്ഥിതി വെളിപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്-ലെ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടി രുന്ന വിജിലൻസ് അന്വേഷണത്തിൽ തൃപ്തരായിരുന്നതുകൊണ്ടാണ്

സി.ബി.ഐ. അന്വേഷണം ആവശ്യമില്ലെന്ന ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധിക്കെതിരെ അന്നത്തെ ഗവൺമെന്റ് അപ്പീലിന് പോകാത്തതെന്ന് വ്യക്തമാണ്. അവസാന ക്യാബിനറ്റ് യോഗത്തിൽ വകുപ്പുതല അന്വേഷണം നടത്താവുന്നതാണെന്ന് തീരുമാനമെടുത്ത് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വകുപ്പുതല അന്വേഷണം നടത്തിയിട്ട് പ്രോജക്ട് നടപ്പിലാക്കി മൂന്ന് വർഷം കഴിഞ്ഞ് ഇപ്പോൾ സി.ബി.ഐ. അന്വേഷണം വേണമെന്നുപറയുന്നതിൽ ന്യായീകരണമില്ല.

## (7) നഗരസഭകൾ നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി

ശ്രീ. വി.ഡി. സതീശൻ: നഗരസഭകൾ നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ ധനസഹായം കൊടുക്കുന്നതിനും ജനറൽ പർപ്പസ് ഫണ്ട്, നോൺ റോഡ് ഫണ്ട്, ലൈബ്രറി സെസ്സ് എന്നിവയിൽനിന്ന് തുക പിടിച്ചെടുക്കുന്ന മുൻ ഗവൺമെന്റിന്റെ ഉത്തരവ് റദ്ദാക്കുന്നതിനും നഗരസഭകൾക്ക് കൊടുക്കേണ്ട കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): നഗരസഭകൾ നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗര സഭകൾക്ക് അൺടൈഡ് ഫണ്ട് അനുവദിച്ചാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. 30 കോടി രൂപ നഗരസഭകൾക്ക് അനുവദിക്കാൻ തീരുമാനമായിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമായാൽ ഉടനെ കൊടുക്കുന്നതാണ്.

## (8) പാചകത്തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സംസ്ഥാനത്തെ സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള വേതനം യഥാസമയം നൽകാനും സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സ്കൂൾതല ഉച്ചഭക്ഷണ കമ്മിറ്റിയാണ് പാചകത്തൊഴിലാളികളെ നിയമിക്കുന്നത്. ഈ സർക്കാർ വന്നതിനുശേഷം പാചകത്തൊഴിലാളികളുടെ മിനിമം കൂലി 150-ഉം പരമാവധി 200-ഉം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഇവരെ ഉൾക്കൊള്ളിക്കുന്നതിനെക്കുറിച്ച് തദ്ദേശഭരണ വകുപ്പ് പരിശോധിച്ച് വേതനം പുതുക്കി നൽകാൻ തീരുമാനമെടുക്കുന്നതാണ്.

## (9) വൃദ്ധദമ്പതികളെ തടഞ്ഞുവച്ച സംഭവം

ശ്രീ. എം. ചന്ദ്രൻ: മലമ്പുഴ നിയോജക മണ്ഡലത്തിലെ മുണ്ടൂരിൽ കോർട്ട് റോഡിലൂടെ യാത്രചെയ്തിരുന്ന വൃദ്ധദമ്പതികളുടെ കാർ ചാനൽ റിപ്പോർട്ടറുടെ ക്യാമറയിൽ മുട്ടിയതിനെത്തുടർന്ന് 30,000 രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടത് കൊടുക്കാതെ വന്നപ്പോൾ പോലീസിനെ വിളിക്കുകയും വൃദ്ധദമ്പതികളെ സ്റ്റേഷനിലേക്ക് കൊണ്ടുപോയി മണിക്കൂറുകളോളം തടഞ്ഞുവയ്ക്കുകയും മാനസികമായി പീഡിപ്പിക്കുകയും ചെയ്തു. ഇവരെ മോചിപ്പിക്കാൻ സ്റ്റേഷനിൽ ചെന്ന എം.പി.യെ ഉദ്യോഗസ്ഥർ അപമാനിക്കുകയുണ്ടായി. സംഭവത്തെ സംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സ്റ്റേഷനിൽ കൊണ്ടുപോയി മാനസികമായി പീഡിപ്പിച്ച പരാതി സംബന്ധിച്ച് സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.

എസ്.പി.-യോട് അന്വേഷിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ദമ്പതികളിൽനിന്ന് മൊഴിയെടുത്തിട്ടുണ്ട്. വൃദ്ധദമ്പതികളെ പോലീസ് അനധികൃതമായി തടഞ്ഞുവച്ചിട്ടില്ല എന്നും വണ്ടി പരിശോധന നടത്തുന്ന തിൽ വന്ന കാലതാമസമാണുണ്ടായത് എന്നുമാണ് മനസ്സിലാക്കുന്നത്. വാഹനപരിശോധനയ്ക്ക് വേണ്ടിവരുന്ന സമയത്തേക്കാൾ കൂടുതൽ സമയം വൃദ്ധദമ്പതികളെ തടഞ്ഞുവച്ചിട്ടുണ്ടോയെന്നും അവിടെയെത്തിയ എം.പി.-യോട് മോശമായി പെരുമാറിയിട്ടുണ്ടോയെന്നും പ്രത്യേകം പരിശോധിക്കുകയും വീഴ്ചവന്നിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതുമാണ്.

### (10) അദ്ധ്യാപക പാക്കേജിൽ ദിവസ വേതനക്കാരെ പരിഗണിക്കുന്നത് സംബന്ധിച്ച്

ശ്രീ. മോൻസ് ജോസഫ്: ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം ലഭിച്ച അദ്ധ്യാപകരെ ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റിൽനിന്നും ഒഴിവാക്കുന്നതിനും അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. അദ്ധ്യാപക പാക്കേജിലെ അപാകതകൾ പരിഹരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ .അബ്ദു റബ്ബ്): നിലവിലുള്ള അദ്ധ്യാപകർക്ക് ടി.ഇ.ടി. യോഗ്യത നേടുന്നതിന് 5 വർഷത്തെ ഇളവ് അനുവദിക്കുന്നുണ്ട്. നിയമനനിരോധനം നിലനിന്നിരുന്ന കാലത്ത് സർക്കാർ സ്ഥിരം തസ്തികകളിൽ സ്കൂൾ മാനേജർമാർ നടത്തിയ നിയമനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി നടപ്പ് അദ്ധ്യയന വർഷംമുതൽ നിർദ്ദിഷ്ട പാക്കേജ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ലീവ് വേക്കൻസിയിൽ നിയമനം നേടിയവർക്ക് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതുവഴിയുണ്ടാകുന്നതും ഭാവിയിൽ ഉണ്ടാകുന്നതുമായ

ഒഴിവുകളിലെ നിയമനത്തിന് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ഇതുസംബന്ധിച്ച പരാതികൾ നവംബർ മാസം സ്കൂൾ തലത്തിൽ സിറ്റിംഗ് നടത്തി പരിഹരിച്ച് അവസാന പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. പ്രൊട്ടക്ഷന് അർഹതയുള്ളവരും ഇല്ലാത്തവരുമായ അദ്ധ്യാപകരെ ചേർത്ത് രൂപീകരിച്ച ടീച്ചേഴ്സ് ബാങ്കിൽ ലീവ് വേക്കൻസിയിൽ നിയമിതരായവരേയും ദിവസ വേതനക്കാരേയും പരിഗണിക്കാനാവില്ല.

### (11) വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ അടിസ്ഥാന സൗകര്യം

ശ്രീ. പാലോട് രവി: വിഴിഞ്ഞം തുറമുഖത്ത് നിലനിന്നിരുന്ന എക്സ്പോർട്ട് സബ്സിഡി പുന:സ്ഥാപിക്കുന്നതിനും തുറമുഖത്തിന്റെ വികസനത്തിനാവശ്യമായ അടിസ്ഥാന നിർമ്മാണ പദ്ധതികൾ അടിയന്തരമായി ആരംഭിക്കുന്നതിനും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുന്നതിനും വിഴിഞ്ഞം തുറമുഖത്തെ കസ്റ്റംസ് പോർട്ടായി പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): വിഴിഞ്ഞം തുറമുഖത്ത് 5% എക്സ്പോർട്ട് സബ്സിഡി അനുവദിച്ചിരുന്നത് നിറുത്തലാക്കി. അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ നിർമ്മാണ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് 15-09-2011-ൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തിരുന്നു. അടിസ്ഥാനസൗകര്യ വികസനത്തിനായി 1.60 കോടി രൂപ ചെലവിൽ ഒരു ട്രാൻസിറ്റ് ഷെഡ് നിർമ്മിക്കാനുള്ള ടെന്റർ നടപടികൾ അന്തിമഘട്ടത്തിലാണ്. ചുറ്റുമതിൽ, റോഡ്, ഇലക്ട്രിഫിക്കേഷൻ, എൻട്രി-എക്സിറ്റ് ഗേറ്റുകൾ എന്നിവ 2012 ജനുവരി മാസത്തോടുകൂടി നിർമ്മിച്ചുനൽകാൻ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം

നൽകുകയും ഒരു പോർട്ട് ഓഫീസറെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രോണിക് ഡാറ്റാ എക്സ്ചേഞ്ച് സംവിധാനം ഒരുക്കുന്നതിന് കസ്റ്റംസ് അധികൃതരുമായി ധാരണയിലെത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യം പൂർത്തിയാകുന്ന മുറയ്ക്ക് കസ്റ്റംസ് ആക്ട് 8(എ) അനുസരിച്ചുള്ള എക്സ്പോർട്ട് പ്രൊമോഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### (12) <u>പയ്യന്നൂർ ആസ്ഥാനമായി താലൂക്ക് രൂപീകരണം</u>

<u>ശ്രീ. സി. കൃഷ്ണൻ:</u> തളിപ്പറമ്പ് താലൂക്ക് വിഭജിച്ച് പയ്യന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതലപഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ ഇവയെല്ലാം പരിശോധനയ്ക്ക് വിധേയമാക്കിയാണ് പുതിയ താലൂക്ക് രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുന്നത്. 2007-ൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റും റവന്യൂ വകുപ്പും സംയുക്തമായി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ നാലാം നമ്പരായി പയ്യന്നൂർ താലൂക്ക് രൂപീകരണം മാർക്ക് ചെയ്തിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചതിനു ശേഷം മാത്രമേ ഒരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

### (13) <u>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വാസ്കുലാർ സർജറി യൂണിറ്റ്</u>

<u>ശ്രീ. എം.എ. വാഹീദ്:</u> തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വാസ്കുലാർ സർജറി യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തൃശ്ശൂർ മെഡിക്കൽ കോളേജ് ഒഴികെയുള്ള എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലെയും കാർഡിയോ വാസ്കുലാർ ആന്റ് തൊറാസിക് സർജറി യൂണിറ്റുകളിൽ എല്ലാവിധ വാസ്കുലാർ സർജറികളും ചെയ്യുന്നുണ്ട്. അതിനാൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രത്യേക വാസ്കുലാർ സർജറി യൂണിറ്റിന്റെ ആവശ്യമില്ല.

### (14) കോട്ടയം മെഡിക്കൽ കോളേജിൽ മാലിന്യ സംസ്ക്കരണം

ശ്രീ. കെ. സുരേഷ് കുറുപ്പ്: കോട്ടയം മെഡിക്കൽ കോളേജിൽ പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ബയോമെഡിക്കൽ വേസ്റ്റ് ഐ.എം.എ.-യുടെ സഹോദരസ്ഥാപനമായ 'ഇമേജ്' പുനലൂരിൽ കൊണ്ടുപോയി സംസ്ക്കരിക്കുന്നുണ്ട്. ഭക്ഷണാവശിഷ്ടങ്ങളിൽനിന്നും ക്ലീൻ കേരള മിഷന്റെ ധനസഹായത്തോടെ ഗ്യാസ് നിർമ്മിച്ച് പാചകത്തിനായി ഉപയോഗിക്കുകയും മിച്ചംവരുന്ന മാലിന്യങ്ങൾ കുഴിയെടുത്ത് മൂടുകയും ചെയ്യുന്നു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

### (15) ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്രവികസനം

ശ്രീ. പി.കെ. ബഷീർ: ഏറനാട് നിയോജകമണ്ഡലത്തിലെ ആഢ്യൻപാറ, കോഴിപ്പാറ എന്നീ വെള്ളച്ചാട്ടങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിച്ച് ഗതാഗതസൗകര്യങ്ങളും അടിസ്ഥാനസൗകര്യങ്ങളും

ഒരുക്കുന്നതിനും അപകടമരണങ്ങൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): ആഡ്യൻപാറ, കോഴിപ്പാറ എന്നീ പ്രദേശങ്ങളെ ഈസ്റ്റേൺ ടൂറിസം കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുത്തുകയും. വനംവകുപ്പുമായി സഹകരിച്ച് പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയും ചെയ്യുന്നു. മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അപകടമരണങ്ങൾ ഒഴിവാക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുംമുമ്പുതന്നെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

## (16) ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിന് ആനുകൂല്യങ്ങൾ

ശ്രീ. ലൂഡി ലൂയിസ്: വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടെ ഒ.ബി.സി. വിഭാഗങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ആംഗ്ലോ-ഇന്ത്യൻ സമുദായത്തിനും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ലഭിക്കുന്ന എല്ലാവിധ വിദ്യാഭ്യാസാനുകൂല്യങ്ങളും ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങളും ആംഗ്ലോ-ഇന്ത്യൻ വിഭാഗക്കാർക്കും നൽകിവരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിലെ പ്രീ-എക്സാമിനേഷൻ കോച്ചിംഗ് സെന്ററുകളിൽ പരിശീലനത്തിന് ചേരുന്നതിന് നിബന്ധനകൾക്കുവിധേയമായി ഇവർക്കും അർഹതയുണ്ട്. ന്യൂനപക്ഷമെന്ന നിലയിൽ ആനുകൂല്യങ്ങൾ നൽകേണ്ടത് പൊതുഭരണ വകുപ്പാണ്.

മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ പങ്കെടുക്കുന്നതിന് പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്നതുപോലെയുള്ള പരിശീലനം നൽകുന്ന കാര്യം ഗവണ്മെന്റ് പരിശോധിച്ചു വരികയാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

(1) **2011 – ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 2011–ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ക്രമപ്രശ്നം

## റവന്യൂ കമ്മി സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മൂലനിയമത്തിലെ നാലാം വകുപ്പിലെ രണ്ടാം ഉപവകുപ്പാണ് ഇവിടെ ഭേദഗതി ചെയ്യുന്നത്. മൂലനിയമത്തിൽ നാല് വർഷക്കാലയളവിനുള്ളിൽ സർക്കാരിന്റെ റവന്യൂ കമ്മി ഇല്ലാതാക്കണമെന്നും അവതരിപ്പിക്കാൻ പോകുന്ന ബില്ലിൽ മൂലനിയമത്തിൽ നിന്ന് വ്യത്യസ്തമായി ഓരോ സാമ്പത്തിക വർഷത്തെയും റവന്യൂ കമ്മി നിശ്ചിത തോതിലായിരിക്കണമെന്നും നിഷ്ക്കർഷിച്ചിരിക്കുന്നു. 13-ാം ധനകാര്യ കമ്മീഷന്റെ മാർഗ്ഗനിർദ്ദേശം നടപ്പിലാക്കുകയെന്നതിന്റെ പേരിലാണ് ഇത്തരത്തിലൊരു നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് ധനകാര്യ വകുപ്പുമന്ത്രിതന്നെ സമ്മതിക്കുന്ന സാഹചര്യത്തിൽ ബിൽ പ്രാവർത്തികമാക്കാൻ സാധ്യമല്ല. നടപ്പുസാമ്പത്തിക വർഷം റവന്യൂ കമ്മി 1.4 ശതമാനമായിരിക്കണമെന്ന് പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇത് കുറച്ചുകൊണ്ടുവരുന്നത് എങ്ങനെയെന്ന് സഭയെ ബോധ്യപ്പെടുത്തണം. നിയമസഭ പാസ്സാക്കിയ ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിന് കടകവിരുദ്ധമായി പ്ലാൻ കട്ട് ചെയ്യാൻ നിയമസഭ തന്നെ അനുവാദം കൊടുക്കുന്ന സ്ഥിതിയിലേക്ക് വരുന്നതിനാൽ ബിൽ അവതരിപ്പിക്കുന്നത് ശരിയല്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 2003 ഏപ്രിൽ ഒന്നിന് ആരംഭിച്ച് 2007 മാർച്ച് 31-ന് അവസാനിക്കുന്ന നാല് വർഷക്കാലയളവിനുള്ളിൽ സർക്കാർ റവന്യൂ കമ്മി കുറയ്ക്കണ

മെന്നാണ് മൂലനിയമത്തിൽ പറഞ്ഞതെങ്കിലും അതിന് കഴിഞ്ഞില്ല. ഇത് മൂലനിയമത്തിലെ നിബന്ധനകൾക്ക് വിരുദ്ധമല്ല. നാല് വർഷക്കാലംകൊണ്ട് കുറയ്ക്കുന്നതിനുള്ള ഷെഡ്യൂളാണുണ്ടാക്കിയിരിക്കുന്നത്. ബിൽ കൊണ്ടു വന്നതിനകത്ത് നിയമപരമായി യാതൊരു കുഴപ്പവുമില്ല അതുകൊണ്ട് ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല. മറ്റൊന്ന് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഈ വർഷത്തെ കമ്മി 1.8 ശതമാനം എന്ന് പറഞ്ഞിരിക്കെ ഈ ബില്ലിൽ ഈ വർഷാവസാനം 1.4 ശതമാനം എന്നാക്കിയാൽ പരസ്പര വിരുദ്ധമാണ്. എന്നാൽ ധനവിനിയോഗ ബിൽ പാസ്സായി എന്നതുകൊണ്ട് അതിൽ പറയുന്ന നോൺ പ്ലാൻ റവന്യൂ എക്സപെന്റിച്ചർ ഉണ്ടാകണമെന്നില്ല.

റൂളിംഗ്

മി. സ്പീക്കർ : 2003 ഏപ്രിൽ ഒന്നിന് ആരംഭിച്ച് 2007 മാർച്ച് 31-ന് അവസാനിക്കുന്ന നാല് വർഷക്കാലം, സർക്കാർ റവന്യു കമ്മി മൂലനിയമ ത്തിൽ പറയുന്നത്, "ഇല്ലാതാക്കേണ്ടതും" എന്നാണ് ഇപ്പോൾ വന്നിരിക്കുന്ന വ്യത്യാസം, "നാല് വർഷക്കാലയളവിൽ സർക്കാർ റവന്യൂ കമ്മി ഇല്ലാതാ ക്കേണ്ടതും"-എന്നാണ്. ഇതിനിടയിൽ പുതിയതിനകത്ത് ഒരു ഷെഡ്യൂൾ പറ ഞ്ഞിരിക്കുന്നു എന്ന ഒരു വ്യത്യാസം മാത്രമേയുള്ളൂ. ആശയത്തിനകത്ത് വ്യത്യാസം വരാത്തതിനാൽ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റിനും സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനും 11-ാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാ നത്തിൽ കൊണ്ടുവന്ന മൂലനിയമത്തിൽ 2003 ഏപ്രിൽ ഒന്നിന് ആരംഭിച്ച്

2007 മാർച്ച് 31-ന് അവസാനിക്കുന്ന നാല് വർഷത്തിനുള്ളിൽ റവന്യൂ ഡെഫിസിറ്റ് സീറോയും ഫിസ്കൽ ഡെഫിസിറ്റ് 2% ആയും കുറയ്ക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതനുസരിച്ച് കുറവുചെയ്യാൻ അന്നത്തെ ഗവൺമെന്റിന് കഴിയാതെ വന്നപ്പോൾ 12-ാം ധനകാര്യ കമ്മീഷൻ 2009 മാർച്ച് 31-വരെ സമയം നീട്ടിക്കൊടുത്തുവെങ്കിലും ആ മാർഗ്ഗരേഖയനുസരിച്ച് നിയമം ഭേദഗതി ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞില്ല. ആഗോളമാന്ദ്യം വന്നപ്പോൾ കേന്ദ്ര ഗവൺമെന്റ് 2010 മാർച്ച് 31 വരെ വീണ്ടും സമയം നീട്ടിക്കൊടുത്തുവെങ്കിലും റവന്യൂ-ധനക്കമ്മി കുറയ്ക്കുന്നതിനോ മൂലനിയമം ഭേദഗതി ചെയ്യുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചില്ല. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ച് 2013-14-ൽ ധനക്കമ്മി 3%-വും 2014-15-ൽ റവന്യൂ കമ്മി സീറോയും കടം ജി.ഡി.പി.യുടെ 29.8 ശതമാനവും ആയി കുറയ്ക്കണം എന്ന പാക്കേജിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നത്. ഇത് നടപ്പിലാക്കണമെങ്കിൽ 2003-ലെ മൂലനിയമത്തിലെ ഷെഡ്യൂൾ 2014-15 വർഷം വരെയായി ഭേദഗതി ചെയ്യണം. ഈ ബില്ല് പാസ്സായാൽ അടുത്ത അഞ്ച് വർഷംകൊണ്ട് 1935 കോടി രൂപ സംസ്ഥാനത്തിന് കിട്ടാനുള്ള സാധ്യതയുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ <u>(തൃക്കരിപ്പൂർ):</u> 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. റവന്യൂ കമ്മിയും ധനക്കമ്മിയും കുറച്ച് റവന്യൂ മിച്ചമുണ്ടാക്കുകയാണ് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നത്. കേരളത്തിന്റെ വികസന പ്രവർത്തന

ങ്ങളും കടബാധ്യത കുറച്ചുകൊണ്ടുവരുന്നതും സംബന്ധിച്ച് 13-ാം ധനകാര്യ കമ്മീഷനിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്നും 2003 ഏപ്രിൽ മുതൽ 2007 മാർച്ച് 31 വരെ ധനക്കമ്മി കുറയ്ക്കുന്നതിൽ എത്രത്തോളം ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടുണ്ട് എന്നും വ്യക്തമാക്കണം. റവന്യൂ കമ്മിയും കടവും കുറയ്ക്കണമെങ്കിൽ ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുള്ള വികസനപ്രവർത്തനങ്ങൾ വെട്ടിക്കുറയ്ക്കേണ്ടിവരും. ഇന്ത്യൻ സമ്പദ്ഘടനയ്ക്ക് വലിയ മുതൽക്കൂട്ടുണ്ടാക്കുന്ന കേരളത്തിന് അർഹമായ വിഹിതം ലഭിക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയും സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുകയും വേണം. ലിബറലൈസേഷന്റെയും പ്രൈവറ്റൈസേഷന്റെയും ഗ്ലോബലൈസേഷന്റെയും ഫലമായി 82 കോടിയിലധികം ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുമ്പോൾ ശതകോടീശ്വരൻമാരുടെ എണ്ണം രാജ്യത്ത് വർദ്ധിക്കുകയാണ്. സംസ്ഥാനത്തെ വികസന പദ്ധതികൾ വെട്ടിച്ചുരുക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിലൊരു ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. വി.ഡി. സതീശൻ : 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനങ്ങളുടെ സാമ്പത്തിക രംഗത്ത് ഗൗരവതരമായ ഉടച്ചുവാർക്കലിനും ഘടനാപരമായ മാറ്റത്തിനും വഴിതെളിക്കുന്ന 13-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശമനുസരിച്ചാണ് ഈ നിയമനിർമ്മാണം നടത്തുന്നത്. 2003-ൽ സഭ പാസ്സാക്കിയ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് ലെജിസ്ലേഷന്റെ ഭാഗമായുണ്ടാക്കിയ നിയമത്തിൽ 2003 ഏപ്രിൽ 1 മുതൽ 2007 മാർച്ച്

31 വരെയുള്ള സമയത്തിനുള്ളിൽ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനും ധനക്കമ്മി മൂന്ന് ശതമാനമായി കുറയ്ക്കുന്നതിനും വേണ്ടിയുള്ള നടപടികളായിരുന്നു സ്വീകരിച്ചിരുന്നത്. സംസ്ഥാനങ്ങളുടെ 2003-ന് മുമ്പുള്ള സാമ്പത്തിക സ്ഥിതി കടക്കെണിയിലേക്കും റവന്യൂ കമ്മിയിലേക്കും ധനക്കമ്മിയിലേക്കും പോകുന്ന അവസ്ഥയിലായിരുന്നു. സാമ്പത്തിക രംഗത്ത് ഘടനാപരമായ മാറ്റവും നിയന്ത്രണവുമുണ്ടാക്കുന്നതിനും വേണ്ടിയാണ് 2003-ൽ കേരളമടക്കമുള്ള സംസ്ഥാനങ്ങൾ ഇത്തരത്തിലൊരു നിയമം പാസ്സാക്കിയത്. സംസ്ഥാനങ്ങൾക്ക് നിലവിലുള്ള കടം മുഴുവൻ റീസ്ട്രക്ച്ചർ ചെയ്യാനുള്ള കോമ്പൻസേഷനായി വലിയൊരു തുക കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തു. വരുംകാലങ്ങളിൽ റവന്യൂ കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവന്ന് സ്റ്റേറ്റ് ഫിനാൻസിനെ ട്രാക്കിലാക്കുകയായിരുന്നു ലക്ഷ്യം. ആഗോള സാമ്പത്തിക മാന്ദ്യത്തെ നേരിടാൻ 20,000 കോടി രൂപ വീതമുള്ള മൂന്ന് പ്രധാനപ്പെട്ട സ്റ്റിമുലസ് പാക്കേജുകളാണ് കേന്ദ്രം നടപ്പാക്കിയത്. കേന്ദ്ര നികുതികൾ പ്രത്യേക മാനദണ്ഡത്തിന്റെയും തത്വത്തിന്റെയും അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് ഒരു ക്വാളിറ്റേറ്റീവ് എക്സ്പെന്റിച്ചർ ഉണ്ടാക്കുക എന്ന ഫിനാൻസ് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് വലിയ കടങ്ങളിലേക്കും സാമ്പത്തിക ദുരവസ്ഥയിലേക്കും പോകാതെ സംസ്ഥാനങ്ങളെ നിയന്ത്രിക്കുന്നതിനുള്ളതാണ്. എടുക്കുന്ന കടം അസറ്റ് ക്രിയേഷനുവേണ്ടിയായിരിക്കണം. സംസ്ഥാനങ്ങൾക്ക് നൽകുന്ന സ്പെസിഫിക് ഗ്രാന്റ് റിലീസ് ചെയ്യണമെങ്കിൽ ഈ നിയമം ഭേദഗതി ചെയ്യണം. സംസ്ഥാനത്തിന് പ്രത്യേക വരുമാനമായി ലഭിക്കേണ്ട തുക ഇത് പാസ്സാക്കാത്തതുകൊണ്ട് നഷ്ടപ്പെടാൻ പാടില്ല.

ധനകാര്യ കമ്മീഷന് സമർപ്പിക്കുന്ന മെമ്മോറാണ്ടത്തിൽ സംസ്ഥാനത്ത് വികസനത്തിന്റെ പരിപ്രേക്ഷ്യം ഉണ്ടാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും പുതിയ മാനദണ്ഡങ്ങളും വയ്ക്കണം. പ്ലാൻസൈസ് കട്ട് ചെയ്യാതെ വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ഇല്ലാതാക്കിയും റവന്യൂ കമ്മി 1.4 ശതമാനത്തിലേക്ക് കൊണ്ടുവരാൻ കഴിയും. സംസ്ഥാനത്തിന്റെ ചെലവുകളെക്കുറിച്ച് പഠനം നടത്താനും തയ്യാറാകണം. വിവിധ വകുപ്പുകൾക്ക് കേന്ദ്ര വിഹിതമായി ലഭിക്കുന്ന ഫണ്ട് ഫലപ്രദമായി ചെലവഴിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ യഥാസമയം സമർപ്പിക്കാൻ കഴിയണം. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൻകീഴിൽ സംസ്ഥാന ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്ന കാര്യത്തിൽ വിജയിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കപ്പെടണം. അർഹതപ്പെട്ട കേന്ദ്ര വിഹിതം വാങ്ങിച്ചെടുക്കാനും സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാനുമുള്ള പരിശ്രമം നടത്തണം. 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റവന്യൂ കമ്മി പൂജ്യം ശതമാനമാക്കി കുറച്ചുകൊണ്ട് റവന്യൂ മിച്ചം ആസ്തികളേക്കാൾ കൂടുതലുള്ള ബാധ്യതകൾ തീർക്കുന്നതിന് ഉപയോഗപ്പെടുത്തുക, ധനക്കമ്മി മൂന്ന് ശതമാനമാക്കി കുറയ്ക്കുക, പൊതുക്കടം ജി.ഡി.പി.-യുടെ 29.8 ശതമാനമായി കുറയ്ക്കുക എന്നീ ഭേദഗതികളോടെ കൊണ്ടുവന്നിട്ടുള്ള ബിൽ സംസ്ഥാന സാമ്പത്തിക രംഗത്ത് മികച്ച മാറ്റമുണ്ടാക്കാനുതകുന്നതാണ് എന്ന കാര്യത്തിൽ സംശയമില്ല.

<u>ഡോ. ടി.എം. തോമസ് ഐസക്</u>: ബില്ലിനെ എതിർക്കുന്നു. റവന്യൂ കമ്മിയും ധനക്കമ്മിയും നിശ്ചിത ശതമാനത്തിലെത്തിക്കുവാൻ കേന്ദ്ര

സർക്കാരിനുപോലും സാധിക്കാത്ത സാഹചര്യത്തിൽ സംസ്ഥാനങ്ങൾക്ക് ഇത് അപ്രായോഗികമാണ്. കേന്ദ്ര സഹായം കൂടി ലഭിച്ചാൽ മാത്രമേ ഈ ലക്ഷ്യങ്ങൾ നേടാൻ സാധിക്കുകയുള്ളൂ. ജനങ്ങളോട് പല വാഗ്ദാനങ്ങൾ പറയുകയും ചെലവുകളിൽ നിബന്ധനകൾ വയ്ക്കുകയും ചെയ്യുന്നത് ജനാധിപത്യ വിരുദ്ധമാണ്. റവന്യൂ കമ്മിയും ധനക്കമ്മിയും നിശ്ചിത ശതമാനത്തിൽ കൂടാൻ പാടില്ലെന്ന് നിഷ്ക്കർഷിക്കുന്നതിനേക്കാൾ സമ്പദ്ഘടനയുടെ ആവശ്യങ്ങൾക്കനുസരിച്ച് മാറ്റേണ്ടുന്ന നയഉപകരണങ്ങളാണിതെന്നും സമ്പദ്ഘടന പണലഭ്യത അനുസരിച്ച് രൂപാന്തരപ്പെട്ടുകൊള്ളുമെന്നും മനസ്സിലാക്കണം. മോണിറ്ററി നയം നടപ്പാക്കണമെങ്കിൽ ഫിസ്ക്കൽ പോളിസിയിൽ മാറ്റം വേണമെന്നുള്ളതുകൊണ്ടാണ് ഈ നിയമം പ്രാബല്യത്തിൽ വന്നത്. വികസനമാണ് ലക്ഷ്യമെങ്കിൽ അതിനനുസരിച്ച് നയങ്ങൾ രൂപീകരിക്കുമ്പോൾ ഫിസ്ക്കൽ സ്റ്റെബിലൈസേഷനും കണക്കിലെടുക്കേണ്ടതുണ്ട്. വിലക്കയറ്റത്തിനനുസരിച്ച് മാറ്റം അനിവാര്യമാണെങ്കിലും ഇൻഡ്യയിലെ അടിസ്ഥാന പ്രശ്നം വളർച്ചയായിരിക്കണം. ഈ ബില്ലിലെ ഭേദഗതികളിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് മൂന്ന് ശതമാനത്തിനപ്പുറം കടമെടുക്കാൻ പാടില്ലെന്നുമാത്രമല്ല 14,000 കോടി രൂപയിൽ കൂടുതൽ സർക്കാർ ഗ്യാരന്റി നിൽക്കാനും പാടില്ല. റവന്യൂ ഡെഫിസിറ്റ് പൂജ്യമാക്കുന്നത് ഒരു അക്കൗണ്ടിംഗ് കൺസെപ്ടാണെന്ന യാഥാർത്ഥ്യമുണ്ട്. സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റ് റവന്യൂ എക്സ്പെന്റിച്ചറായി കണക്കാക്കുന്നതുകൊണ്ട് റവന്യൂ ഡെഫിസിറ്റ് സീറോ ആക്കുന്നത് വലിയ കാര്യമല്ലെങ്കിലും ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പൂജ്യമാക്കുന്നതിനോട് വിയോജിപ്പില്ല. കടമെടുക്കുന്നത് ദൈനംദിന ചെലവുകൾക്കല്ലെങ്കിൽ മൂന്ന് ശതമാനമെന്ന പരിധി വയ്ക്കേണ്ട ആവശ്യമില്ല. സംസ്ഥാനത്ത് മൂലധന നിക്ഷേപ

ത്തിന് എത്രമാത്രം പണം ആവശ്യമുണ്ടോ അത്രയും വായ്പയെടുക്കാനും ഫലപ്രദമായി ചെലവഴിക്കാനും കഴിയണം. റവന്യൂ കമ്മി പൂജ്യമാക്കുന്നതിനായി സംസ്ഥാന വരുമാനവും കേന്ദ്ര വരുമാനവും ഇത്ര ശതമാനം വച്ച് കൂടണമെന്നുള്ളത് നിയമത്തിൽ അനുബന്ധമായി വരണം. റവന്യൂ ഡെഫിസിറ്റ് കണക്കാക്കുമ്പോൾ പഞ്ചായത്തിന് കൊടുക്കുന്ന ഗ്രാന്റിന്റെ പകുതി മാത്രമേ റവന്യൂ ചെലവായി വരാൻ പാടുള്ളൂ. ഗവൺമെന്റ് ഗ്യാരന്റിക്ക് പരിധിയുണ്ടാകാൻ പാടില്ല. വളർന്നുകൊണ്ടിരിക്കുന്ന സമ്പദ് ഘടനയിൽ കേവലമായ തുക സീലിംഗായി വയ്ക്കുന്നത് ശരിയല്ല. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ അതിന്റെ ലക്ഷ്യങ്ങൾ നേടാൻ കഴിയുമോ എന്നുള്ളതാണ് പ്രധാനം. ഈ നിയമം നടപ്പാകണമെങ്കിൽ സംസ്ഥാന നികുതി വരുമാനം വർദ്ധിപ്പിക്കാനും സംസ്ഥാന സർക്കാരിന്റെ പരിമിതികൾക്കുള്ളിൽനിന്ന് പ്രവർത്തിക്കാനും സാധിക്കണം. ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറി അക്കൗണ്ടുകൾ വഴി കൊടുക്കുന്നതിനുപകരം ബാങ്കുകളെ ഏൽപ്പിച്ചതുവഴി സംസ്ഥാന ഗവൺമെന്റിന് വേയ്സ് ആന്റ് മീൻസ് ഇനത്തിൽ കിട്ടേണ്ട 5,000 കോടിയോളം രൂപ ബാങ്കുകളിലേക്ക് പോകുകയാണ്. സ്റ്റാറ്റ്യൂട്ടറി ബോഡികളുടെ ഫണ്ടും ഓട്ടോണമസ് ബോഡികളുടെ ഫണ്ടും ന്യൂ ജനറേഷൻ ബാങ്കുകൾവഴി നിക്ഷേപിക്കുന്നതിനും ട്രാൻസാക്ട് ചെയ്യുന്നതിനും അനുവാദം കൊടുത്തിരിക്കുന്നത് ശരിയല്ല. കൊച്ചിയിലെ മെട്രോ കമ്പനിക്ക് കൊല്ലത്തെ ആക്സിസ് ബാങ്കിന്റെ ശാഖയിൽ അക്കൗണ്ട് തുടങ്ങിയതിലൂടെ കേരളസർക്കാരിന്റെ പണം ഒരു സ്വകാര്യ ബാങ്കിലേക്ക് നിക്ഷേപിക്കുന്നതിന് അനുവാദം നൽകിയിരിക്കുകയാണ്. ഇതിലൂടെ സർക്കാർ സ്വജനപക്ഷപാതമാണ് കാണിച്ചിരിക്കുന്നത്. കോ-ഓപ്പറേറ്റീവ്

സൊസൈറ്റിയിലെ പരീക്ഷാ ബോർഡിലെ ചെയർമാന്റെ നിയമനത്തിലും സർക്കാർ അഴിമതി നടത്തിയിട്ടുണ്ട്. . ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന തിന് ഉണ്ടായിരിക്കേണ്ട വിദ്യാഭ്യാസ യോഗ്യതയുടെ മാനദണ്ഡങ്ങളിൽ ഇളവുവരുത്തിക്കൊണ്ട് ഗസറ്റിൽ വിജ്ഞാപനം ചെയ്തതിന്റെ അടിസ്ഥാന ത്തിൽ ആ ഇളവ് പ്രയോജനപ്പെടുത്തി മുഖ്യമന്ത്രിയുടെ ബന്ധുവിനെ ബോർഡ് ചെയർമാൻ ആയി നിയമിച്ചിരിക്കുകയാണ്. സ്വന്തക്കാരെ നിയമി ക്കുന്നതിനുവേണ്ടി ഓർഡിനൻസ് ഇറക്കാൻ മുഖ്യമന്ത്രി മുൻകൈയെടു ക്കുകയാണ് ചെയ്തിരിക്കുന്നത്.

## വ്യക്തിപരമായ വിശദീകരണം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എന്റെ ഒരു ബന്ധു ആക്സിസ് ബാങ്കിലുണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ കൊച്ചി മെട്രോയ്ക്കുവേണ്ടി ബഡ്ജറ്റിൽനിന്ന് അനുവദിച്ച രണ്ടുകോടി രൂപ കൊച്ചിയിലുള്ള ആക്സിസ് ബാങ്കിന്റെ മെയിൻ ബ്രാഞ്ചിൽ കറന്റ് അക്കൗണ്ടിലിടാൻ വേണ്ടിയാണ് എഴുതിക്കൊടുത്തത്. ഏത് ബ്രാഞ്ചിലാണ് നിക്ഷേപിച്ചതെന്നറിയില്ല. ഇക്കാ ര്യത്തിൽ യാതൊരു അഴിമതിയും സ്വജനപക്ഷപാതവും നടന്നിട്ടില്ല. രണ്ടാമതായി പരാമർശിച്ചത് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ പരീക്ഷാ ബോർഡിലെ ചെയർമാന്റെ നിയമനം സംബന്ധിച്ചാണ്. എന്റെ ബന്ധു എന്നുപറയുന്ന വ്യക്തി ഐ.എൻ.റ്റി.യു.സി.-യുടെ സംസ്ഥാന സെക്രട്ടറിയാ ണ്. എന്റെ ബന്ധുവാകുന്നതിനുമുമ്പ് യൂത്ത് കോൺഗ്രസിന്റെ നേതാ വുമായിരുന്നു. ഇത് പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റാണ്. ഉദ്യോഗ നിയമനം അല്ല. സഹകരണ ചട്ടത്തിലെ പ്രൊവിഷനനുസരിച്ച് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മൂന്നുപേരെ നിയമിച്ചിരുന്നതിൽ ഒരാളാണ് ഈ വ്യക്തി. എൽ.ഡി.എഫ്. ഗവൺമെന്റ് അദ്ധ്യാപക സംഘടനയിലെ ഒരാളെ

നിയമിക്കുന്നതിനുവേണ്ടി നിലവിലുള്ള ആളെ മാറ്റാൻ ഒറിജിനൽ ചട്ടത്തിലില്ലാത്ത ഒരു പ്രൊവൈസോ കൊണ്ടുവന്ന് മാറ്റി നിയമിച്ചു. ഈ ഗവൺമെന്റ് വന്നപ്പോൾ ആ പഴയ ഒറിജിനൽ ചട്ടത്തിലേക്ക് പോയി എന്നതല്ലാതെ ഒരു മാറ്റവും വരുത്തിയിട്ടില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: 2003-ൽ കേരള നിയമസഭ പാസ്സാക്കിയ ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിന് 13-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം ഒരു ഭേദഗതി ആവശ്യമായ സാഹചര്യത്തിലാണ് ഈ ബിൽ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. 2010-ലെ എക്കണോമിക് റിവ്യൂ പ്രകാരം പ്രതിശീർഷ കടത്തിന്റെ കാര്യത്തിൽ തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്. കടം വാങ്ങുന്ന പണംകൊണ്ട് മൂലധന നിക്ഷേപമുണ്ടാകുന്നില്ലെന്ന് മാത്രമല്ല അത് നോൺ പ്ലാൻ എക്സ്പെന്റിച്ചറിനുവേണ്ടി വിനിയോഗിക്കേണ്ടി വരികയും ചെയ്യുന്നു. ഉത്തരവാദിത്തമില്ലാതെ ധനകാര്യ മാനേജുമെന്റ് നടപ്പിലാക്കിയതിന്റെ ഫലമായാണ് സംസ്ഥാനം ഇത്തരമൊരു സാഹചര്യത്തിലെത്തിയത്. 2014-15-ഓടുകൂടി റവന്യൂ കമ്മി സീറോയിലേക്ക് എത്തിക്കാൻ ഈ ബില്ലിൽ കൂടി ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. കേന്ദ്ര പദ്ധതികളുടെ പണം വാങ്ങിച്ചെടുക്കാനോ ഡി.പി.ആർ. സമയബന്ധിതമായി തയ്യാറാക്കി നൽകാനോ കിട്ടിയ തുകയുടെ വിനിയോഗ രേഖ സമർപ്പിക്കാനോ കഴിയാതെ പോയതുകൊണ്ടാണ് സംസ്ഥാനം കടക്കെണിയിലേക്ക് പോയത്. 40,422 കോടി രൂപയിൽനിന്നും സംസ്ഥാനത്തിന്റെ പുതിയ പദ്ധതി അടങ്കൽ 1,05,000 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളത് അഭിനന്ദനാർഹമാണ്.

<u>ക്രമപ്രശ്നം</u>

## <u>ബില്ലിന്റെ ചർച്ചാവേളയിൽ അഴിമതി ആരോപണം പാടില്ല</u>

<u>ശ്രീ. വി. ഡി. സതീശൻ</u> : റൂൾ 285 അനുസരിച്ച് ഡോ. തോമസ് ഐസക് ബില്ലിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി എഴുതിക്കൊടുത്ത് അഴിമതി ആരോപണം ഉന്നയിക്കുകയുണ്ടായി. റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിക്കാവൂ. ഇതിനുമുമ്പ് ബില്ലിന്റെ ചർച്ചാവേളയിൽ എഴുതിക്കൊടുത്ത് ആരോപണം ഉന്നയിക്കുന്ന കീഴ്വഴക്കവും ഉണ്ടായിട്ടില്ല. അതിനാൽ ഇവിടെ ഉന്നയിക്കപ്പെട്ടത് ഓർഡറിലാണോയെന്ന് വ്യക്തമാക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>) : ഈ ബില്ലിൽ വിഭാവന ചെയ്തിരിക്കുന്നതുപോലെ റവന്യൂ ഡെഫിസിറ്റ് 1.4 ശതമാനമാക്കുവാൻ ശ്രമിക്കുന്നതാണ്. അതിന് കഴിഞ്ഞില്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിൽനിന്ന് കിട്ടാനുള്ള ആനുകൂല്യങ്ങൾ കിട്ടുകയില്ല. 2011-12-ൽ അവതരിപ്പിച്ച ബഡ്ജറ്റിനേക്കാൾ റിവൈസ്ഡ് ബഡ്ജറ്റിൽ റവന്യൂ കമ്മി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. വികസന രംഗത്ത് കൂടുതൽ പണം ചെലവഴിച്ച് ജി.ഡി.പി.-യും റവന്യൂ വരുമാനവും വർദ്ധിപ്പിച്ചും അനാവശ്യച്ചെലവുകൾ കുറച്ചും ഇത് സാധ്യമാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഗവൺമെന്റ് ബഡ്ജറ്റിൽ കേന്ദ്രം തരാവുന്ന തുകകൂടി ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇഫക്ടീവ് റവന്യൂ ഡെഫിസിറ്റ് എന്ന കേന്ദ്രത്തിന്റെ ആശയമാണ് സംസ്ഥാനവും പിന്തുടരുന്നത്. പഞ്ചായത്തുകൾക്ക് നൽകുന്നത് ക്യാപിറ്റൽ ഗ്രാന്റായി കണക്കാക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

സുസ്ഥിര സാമ്പത്തിക വികസനമെന്ന നയം കേന്ദ്ര-സംസ്ഥാന ഗവൺമെന്റു കൾ ഇന്ന് അനുവർത്തിക്കുന്നതുകൊണ്ടാണ് ആഗോള സാമ്പത്തിക മാന്ദ്യമുണ്ടായിട്ടും ഇന്ത്യയ്ക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞത്. ഈ ബില്ല് പാസ്സാകുമ്പോൾ കേന്ദ്രത്തിൽനിന്നും അടുത്ത അഞ്ചുവർഷക്കാലംകൊണ്ട് സ്റ്റേറ്റ് സ്പെസിഫക് ഗ്രാന്റായി 1500 കോടി രൂപയും എൻ.എസ്.എസ്. വായ്പാ പലിശയിനത്തിൽ 329 കോടി രൂപയും വായ്പ എഴുതിത്തള്ളാനുള്ള ഇനത്തിൽ 106 കോടി രൂപയും ഉൾപ്പെടെ 1935 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുന്നതാണ്. അത് വാങ്ങിയെടുക്കുവാനുള്ള ശ്രമത്തിന്റെ ആദ്യ നടപടി എന്നുള്ള നിലയിലാണ് ഈ ഭേദഗതി ബിൽ അവതരിപ്പിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

**ബില്ലിന്റെ ചർച്ചാവേളയിൽ അഴിമതിയാരോപണം പാടില്ല**

മി. സ്പീക്കർ: ഇവിടെ എഴുതിത്തന്ന വിഷയത്തിൽ മുഖ്യമന്ത്രി മറുപടി പറയാൻ തയ്യാറായതുകൊണ്ടാണ് അനുവദിച്ചത്. സ്പീക്കറുടെ അനുമതിയോ ടുകൂടിയാണെങ്കിലും ബില്ലിന്മേലുള്ള ചർച്ചയ്ക്കിടയിൽ അഴിമതി ആരോ പണം ഉന്നയിക്കാൻ പാടില്ലെന്നാണ് ചെയറിന്റെ അഭിപ്രായം. ഇതൊരു കീഴ് വഴക്കമായി മാറുന്നത് ശരിയല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റി യുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## 2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): 2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): 2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): എം.എൽ.എ.മാർക്ക് ഒരു പ്രത്യേക ഗ്രേഡ് വരെയുള്ള ഉദ്യോഗസ്ഥരെ മാത്രമേ പി.എ.മാരായി കൊടുക്കുന്നതിന് ഇന്ന് സാധിക്കുകയുള്ളൂ. അതിന് മാറ്റം വരണമെന്ന് എം.എൽ.എ.മാർ ആവശ്യപ്പെട്ട സാഹചര്യത്തിലാണ് ഈ ബിൽ കൊണ്ടുവന്നത്. അത് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയമസഭാ അംഗങ്ങളുടെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിൽ രാജേന്ദ്രബാബു കമ്മീഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് ഗവൺമെന്റ് വ്യക്തമാക്കണം. ഇവിടെ ഇപ്പോൾ 'ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഒരു സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റിന്റെ പദവിയിൽ കവിയാത്തതുമായ' എന്ന വാക്കുകൾക്കു

പകരം 'ഒരു അഖിലേന്ത്യാ സർവ്വീസിലുള്ള ഒരു അംഗം ഒഴികെ' എന്ന വാക്ക് ചേർക്കണമെന്നാണ് പറയുന്നത്. ഇതുപ്രകാരം ഒരു ഐ.എ.എസ്./ഐ.പി. എസ്. അല്ലാത്ത ആരെ വേണമെങ്കിലും ഒരു എം.എൽ.എ. എഴുതിക്കൊടുത്താൽ നിയമിക്കേണ്ട സ്ഥിതിവരും. അങ്ങനെ വരുമ്പോൾ എം.എൽ.എ.മാരെ സംബന്ധിച്ച പൊതു അഭിപ്രായം മോശമാകും. ഫസ്റ്റ് ഗസറ്റഡ് പോസ്റ്റിന് ഉപരിയായിട്ടുള്ള ആളുകളെ എം.എൽ.എ.മാരുടെ പി.എ. ആയി കൊടുക്കുന്നതുസംബന്ധിച്ച് വ്യക്തത വരുത്തണം. സബ്ജക്ട് കമ്മിറ്റി ഇതെല്ലാം പരിഗണിച്ചുകൊണ്ട് ബില്ലിൽ ഉചിതമായ മാറ്റം വരുത്തണം.

<u>ശ്രീ. എ. കെ. ബാലൻ</u>: 2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ഉമ്മൻചാണ്ടി:</u> ഇതുസംബന്ധിച്ച് ബില്ലിൽ മാറ്റം വരുത്തണമെന്നാണ് ആഗ്രഹിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യാം. രാജേന്ദ്രബാബു കമ്മീഷന്റെ ശുപാർശകൾ പരിഗണനയിലുണ്ട്.

ഭേദഗതികൾ നിരാകരിച്ചു.

2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.02-ന് പിരിഞ്ഞു.

**&&&&**